**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3397** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാർ കുടിശ്ശിക വരുത്തിയിരുന്നു. 2021-22 വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട രണ്ടാം ഗഡു കേന്ദ്രവിഹിതമായ 132.90 കോടി രൂപ ടി വർഷം കേന്ദ്രസർക്കാർ അനുവദിച്ചില്ല. സംസ്ഥാനം ചെലുത്തിയ നിരന്തര സമ്മർദ്ദങ്ങൾക്കൊടുവിൽ 2022-2023 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു ദിവസം മുൻപാണ് (30.3.2023) ടി തുക കേന്ദ്രസർക്കാർ അനുവദിച്ചത്. നടപ്പ് വർഷത്തിന്റെ ആദ്യ രണ്ട് പാദങ്ങളിലും കേന്ദ്രസർക്കാർ കുടിശ്ശിക വരുത്തിയിരുന്നു. സ്കൂളുകൾ തുറന്ന് മൂന്നര മാസങ്ങൾക്ക് ശേഷമാണ് ഇക്കൊല്ലത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ലഭ്യമായത്. നിലവിൽ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയില്ല.<br><br>കേന്ദ്രവിഹിതം ലഭ്യമാകുന്നതിൽ വരുന്ന കാലതാമസം ആനുപാതിക സംസ്ഥാന വിഹിതത്തിന്റെ റിലീസിനെ സ്വാഭാവികമായി ബാധിക്കുന്നതല്ലാതെ സംസ്ഥാന സർക്കാർ കുടിശിക വരുത്തിയിട്ടില്ല. നടപ്പ് വർഷത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിൽ വന്ന കാലതാമസം കണക്കിലെടുത്ത് പദ്ധതിക്കുള്ള സംസ്ഥാന വിഹിതത്തിൽ നിന്ന് 81.54 കോടി രൂപ മുൻകൂറായി സംസ്ഥാന സർക്കാർ റിലീസ് ചെയ്തിരുന്നു. നടപ്പ് വർഷം പദ്ധതിക്ക് ഇതുവരെ 211.02 കോടി രൂപ കേന്ദ്രവിഹിതമായി ലഭ്യമായപ്പോൾ സംസ്ഥാന വിഹിതമായി 215.11 കോടി രൂപ റിലീസ് ചെയ്തു. |
| (ബി) | എല്ലാ സ്കൂളുകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ ഗുണനിലവാരമുള്ള ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പരിധിയിൽ വരുന്ന 12024 സ്കൂളുകളിൽ 9666 സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങൾ സജ്ജീകരിക്കുകയും അവയിൽ നിന്നുള്ള വിളവുകൾ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്ന കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം, പല സ്കൂളുകളിലും നെൽകൃഷി, ചെറുധാന്യകൃഷി എന്നിവയും നടക്കുന്നുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്ക് ആവശ്യമുള്ള പോഷകാഹാരം ലഭ്യമാക്കാൻ സപ്ലിമെൻററി ന്യൂട്രീഷൻ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സപ്ലിമെൻററി ന്യൂട്രീഷൻ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും നൽകിവരുന്നു. മുട്ട കഴിക്കാത്ത കുട്ടികൾക്ക് നേന്ത്രപ്പഴം നൽകുന്നു. നിലവിൽ സപ്ലിമെൻററി ന്യൂട്രീഷൻ പരിപാടിയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നില്ല. ഉച്ചഭക്ഷണ പദ്ധതി ചെലവുകൾക്കായി സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയിൽ നിന്ന് തന്നെയാണ് സപ്ലിമെൻററി ന്യൂട്രീഷൻ പരിപാടിയ്ക്കുള്ള ചെലവും നടത്തുന്നത്. |

സെക്ഷൻ ഓഫീസർ